സൂറഃ-8

# അൽ അൻഫാൽ

وَٱلَّذِينَ ءَامَنُواْ مِنۢ بَعۡدُ وَهَاجَرُواْ وَجَٰهَدُواْ مَعَكُمۡ فَأُوْلَٰٓئِكَ مِنكُمۡۚ وَأُوْلُواْ ٱلۡأَرۡحَامِ بَعۡضُهُمۡ أَوۡلَىٰ بِبَعۡضٖ فِي كِتَٰبِ ٱللَّهِۚ إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمُۢ ﴿٧٥﴾

**75.** പിൽക്കാലത്ത് വിശ്വാസികളാവുകയും ദേശത്യാഗം ചെയ്ത് നിങ്ങളോടൊപ്പം സമരത്തിലേർപ്പെടുകയും ചെയ്തവരും നിങ്ങളുടെ കൂട്ടത്തിൽ പെട്ടവർ തന്നെ. എന്നാൽ അല്ലാഹുവിന്റെ നിയമത്തിൽ, രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അവകാശമുള്ളവരാകുന്നു. നിശ്ചയം അല്ലാഹു സകല സംഗതിയും അറിയുന്നുവല്ലോ.

وَٱلَّذِينَ ءَامَنُواْ مِنۢ بَعۡدُ= (വുകയും) പിൽക്കാലത്ത് വിശ്വാസികളായവരും وَهَاجَرُواْ= ദേശത്യാഗം ചെയ്(തു)തവരും

وَجَٰهَدُواْ مَعَكُمۡ= (ർപ്പെടുകയും ചെയ്തവരും) നിങ്ങളോടൊപ്പം സമരത്തിലേർപ്പെട്ടവരും

فَأُوْلَٰٓئِكَ مِنكُمۡۚ= അവർ നിങ്ങളുടെ കൂട്ടത്തിൽതന്നെ وَأُوْلُواْ ٱلۡأَرۡحَامِ= (എന്നാൽ) രക്തബന്ധമുള്ളവർ

بَعۡضُهُمۡ أَوۡلَىٰ بِبَعۡضٖ= അന്യോന്യം കൂടുതൽ അവകാശമുള്ളവരാകുന്നു, അടുത്തവരാകുന്നു

فِي كِتَٰبِ ٱللَّهِۚ= അല്ലാഹുവിന്റെ നിയമത്തിൽ, ഗ്രന്ഥത്തിൽ إِنَّ ٱللَّهَ= തീർച്ചയായും അല്ലാഹു

بِكُلِّ شَيۡءٍ= സകല സംഗതിയും عَلِيمُۢ= ഏറ്റം അറിയുന്നവനല്ലോ

**75:** വിശ്വാസികളെ ഹിജ്റക്കും ജിഹാദിനും പ്രേരിപ്പിക്കുന്നതോടൊപ്പം വിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കണമെന്ന് നേരത്തെ അനുശാസിച്ച രക്ഷാധികാരം -ولاية- സംബന്ധിച്ച് ഒരു വിശദീകരണവുമാണ് ഈ സമാപന സൂക്തം ഉൾക്കൊള്ളുന്നത്. ഇവിടെ - مِنۢ بَعۡدُ - ശേഷം എന്നു പറഞ്ഞതിന്റെ വിവക്ഷ, ഈ സൂക്തം അവതരിച്ച ശേഷം, അതായത് ബദ്ർയുദ്ധം കഴിഞ്ഞശേഷം എന്നാവാം. അതാണ് സന്ദർഭോചിതമായി തോന്നുന്നത്. എന്നാൽ ചില വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ ഹുദൈബിയാ സന്ധിക്കുശേഷം എന്നാണുദ്ദേശ്യം. മുഹാജിറുകൾ എല്ലാം ഒരേഗണത്തിൽ പെട്ടവരാണെങ്കിലും അവരുടെ ശ്രേഷ്ഠതയിൽ വ്യത്യാസമുണ്ട് എന്നാണിത് സൂചിപ്പിക്കുന്നത്. ആദ്യനാളുകളിലെ കടുത്ത എതിർപ്പിനും മർദനത്തിനുമിടയിൽ വിശ്വാസം കൈക്കൊള്ളുകയും അതിന്റെ പ്രചാരണാർഥം ക്ലേശകരമായ സേവനങ്ങളനുഷ്ഠിക്കുകയും, പ്രതീക്ഷിക്കാൻ യാതൊന്നും മുമ്പിലില്ലാതിരുന്നിട്ടും സ്വന്തം നാടും വീടും വിട്ട് അന്യനാട്ടിലേക്ക് പലായനം ചെയ്യുകയും ചെയ്തവരാണ് ഏറ്റം ആദർശദാർഢ്യമുള്ള ശ്രേഷ്ഠരായ വിശ്വാസികൾ. ഇത്തരം മുഹാജിറുകൾക്ക് അഭയം കൊടുക്കുകയും അവരുടെ ജിഹാദിനെ എല്ലാ അർഥത്തിലും സഹായിക്കുകയും ചെയ്ത അൻസ്വാറുകളാണ് ശ്രേഷ്ഠതയിൽ അവരോടൊപ്പമെത്തുന്നവർ. യുദ്ധ വിജയങ്ങൾക്കുശേഷം ഹിജ്റ ചെയ്തവർ ആദ്യം പറയപ്പെട്ടവരുടെ പിന്നണിയിലാണെങ്കിലും മുഹാജിറുകളും മുജാഹിദുകളും എന്ന നിലയിൽ അവരും അതേ ഗണത്തിൽപെട്ടവർ തന്നെയാണ്. ഇനിയും ഹിജ്റ ചെയ്തിട്ടില്ലാത്തവർക്ക് ഇപ്പോഴും സന്ദർഭമുണ്ട്. ഇസ്ലാമിക സമൂഹത്തിന്റെ കവാടങ്ങൾ അവർക്കുമുമ്പിൽ തുറന്നിട്ടിരിക്കുകയാണ്. ഈ

അവസരം നഷ്ടപ്പെടുത്താതെ കടന്നുവരിക, ഹിജ്റയുടെയും ജിഹാദിന്റെയും ശ്രേഷ്ഠത നേടുക. ദാറുൽ ഇസ്‌ലാമിൽ നിലവിലുള്ള മുസ്‌ലിംകളോട് ഒരാഹ്വാനവും ഇതുൾക്കൊള്ളുന്നുണ്ട്. ഇനിയും പലായനം ചെയ്തെത്തുന്നവരെ സ്വീകരിക്കാനും സ്വാംശീകരിക്കാനും നിങ്ങളുടെ മനസ്സ് വിശാലമായിരിക്കണം. നിങ്ങളുടെ ഭാഗം -مِنكُمْ- തന്നെയാണവർ. അവരോട് യജമാനത്തമോ മേലാളത്തമോ കാണിക്കരുത്. സങ്കുചിത മനസ്കരായി പെരുമാറുകയുമരുത്. നേരത്തേ എത്തിയ മുഹാജിറുകളും അൻസ്വാറുകളും തമ്മിലുള്ള രക്ഷാധികാര ബന്ധം -ولاية- തന്നെയാണ് ഇനിവരുന്നവരോടും നിങ്ങൾക്കുണ്ടായിരിക്കേണ്ടത്.

വിശ്വാസികൾ തമ്മിലുള്ള ഉറ്റബന്ധത്തിന്റെ പരിധിയിൽ ആദ്യകാലത്ത് ദായധനാവകാശവും ഉൾപ്പെടുത്തിയിരുന്നു. ഉറ്റവരും ഉടയവരും മക്കയിലായിരിക്കെ മദീനയിൽ മരണപ്പെടുന്ന മുഹാജിറിന്റെ ദായധനം, അയാളെ സഹോദരനായി ഏറ്റെടുത്തു സംരക്ഷിക്കുന്ന അൻസ്വാരിക്കും അൻസ്വാരിയുടെ ദായധനം മുഹാജിറിനും ലഭിച്ചിരുന്നു. ഈ രീതി ഇനി തുടരേണ്ടതില്ലെന്നും, ദായധനം ഖുർആൻ അന്യത്ര വിശദീകരിച്ചിട്ടുള്ള ക്രമത്തിൽ കുടുംബപരമായ അനന്തരാവകാശികൾക്കു തന്നെയാണ് നൽകേണ്ടതെന്നുമാണ് أُوْلُوا۟ ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ എന്ന വാക്യത്തിലൂടെ നിർദ്ദേശിക്കുന്നത്. ആദർശ സാഹോദര്യം കുടുംബ നിയമത്തിൽ മാറ്റമൊന്നും ഉണ്ടാക്കുന്നില്ല. കുടുംബ ബന്ധത്തെ ദൈവികഗ്രന്ഥവുമായി ചേർത്തു(فِى كِتَٰبِ ٱللَّهِ) പറഞ്ഞതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, ഖുർആൻ മറ്റിടങ്ങളിൽ വിവരിച്ചിട്ടുള്ള രക്തബന്ധവും അനന്തരാവകാശ നിയമവുമാണ് എന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. ജാഹിലിയ്യാ കാലത്ത് പരിഗണിക്കപ്പെട്ടിരുന്ന ബന്ധങ്ങളും വ്യവസ്ഥകളും അതിൽപെടുകയില്ല. മതപരവും ആദർശപരവുമായ സഹോദരന്മാരോടും നേതാക്കളോടും സൽപെരുമാറ്റവും സഹായസഹകരണങ്ങളും വേണമെന്ന് മുസ്‌ലിംകളോട് ഊന്നിപ്പറയുന്ന ഇതര സ്ഥലങ്ങളിലും ഖുർആൻ കുടുംബ ബന്ധുക്കളുടെ അവകാശങ്ങൾക്കു മുൻഗണന നൽകണമെന്ന് എടുത്തു പറയുന്നുണ്ട്. സൂറ *അൽ അഹ്സാബ്* 6-ാം സൂക്തത്തിൽ പറയുന്നു:

وَأُوْلُوا۟ ٱلْأَرْحَامِ
بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ مِنَ ٱلْمُؤْمِنِينَ وَٱلْمُهَٰجِرِينَ إِلَّآ
أَن تَفْعَلُوٓا۟ إِلَىٰٓ أَوْلِيَآئِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِى ٱلْكِتَٰبِ مَسْطُورًا ﴿٦﴾

(എന്നാൽ അല്ലാഹുവിന്റെ വേദത്തിൽ കുടുംബ ബന്ധുക്കൾ സാധാരണ വിശ്വാസികളെ അപേക്ഷിച്ച് പരസ്പരം കൂടുതൽ അവകാശമുള്ളവരാകുന്നു. നിങ്ങൾക്ക് സ്വന്തം മിത്രങ്ങളോടു വല്ല നന്മയും ചെയ്യണമെന്നുണ്ടെങ്കിൽ ചെയ്യാമെന്നു മാത്രം. ഈ വിധി വേദത്തിൽ എഴുതപ്പെട്ടിട്ടുള്ളതത്രെ). പ്രകൃത സൂക്തം അവതരിച്ചതിനെ തുടർന്ന് ആദർശ സാഹോദര്യത്തെ ആധാരമാക്കി മുഹാജിറുകളും അൻസ്വാറുകളും പരസ്പരം അനന്തരാവകാശികളാകുന്ന സമ്പ്രദായം അവസാനിച്ചതായ ചില നിവേദനങ്ങൾ ഉദ്ധരിക്കപ്പെടുന്നുണ്ട്.

أُوْلُوا۟ ٱلْأَرْحَامِ എന്ന വാക്കിനെ രക്തബന്ധമുള്ളവർ എന്നാണ് ഇവിടെ തർജമ ചെയ്തിരിക്കുന്നത്. رحم (ഗർഭാശയം) എന്ന പദത്തിന്റെ ബഹുവചനമാണ് أرحام. ഉലുൽ അർഹാം എന്ന പദം മൗലികമായി കുറിക്കുന്നത് മാതൃസഹോദരി, അമ്മാവൻ തുടങ്ങി ഒരാളുടെ മാതാവ് വഴിക്കുള്ള ബന്ധുക്കളെയാണ്.

എല്ലാ ബന്ധുക്കളെ ഉദ്ദേശിച്ചും أُوْلُوا۟ ٱلْأَرْحَامِ എന്നുപറയുക സാധാരണമാണ്. ഇവിടെ ആരാണുദ്ദേശ്യമെന്ന് ഈ സൂക്തം അവതരിച്ചതോടെ, ‘കുടുംബ ബന്ധുക്കളല്ലാത്ത ആദർശ ബന്ധുക്കൾക്ക് ദായധനം നൽകുന്ന സമ്പ്രദായം അവസാനിച്ചു’ എന്ന നിവേദനങ്ങളിൽനിന്നു വ്യക്തമാകുന്നു. മരിച്ചയാളിന്റെ ബന്ധുക്കളിൽ, ദായധനത്തിൽ വിഹിതം നിശ്ചയിച്ചിട്ടില്ലാത്തവരും നിശ്ചിത വിഹിതങ്ങൾ കഴിച്ച് മിച്ചമുള്ളത് സ്വന്തമാകുന്ന (عصبة) അവകാശികളുമല്ലാത്ത ബന്ധുക്കളാണ് അനന്തരാവകാശ നിയമത്തിന്റെ ഭാഷയിൽ ‘ഉലുൽ അർഹാം.’ ഈ സൂക്തം ദവുൽ അർഹാമിന്, അതായത് മേൽപറഞ്ഞവരല്ലാത്ത ബന്ധുക്കൾക്കും അനന്തരാവകാശം സ്ഥിരപ്പെടുത്തുന്നുവെന്ന് ഹനഫീ, ഹമ്പലീ മദ്ഹബുകൾ സിദ്ധാന്തിച്ചിരിക്കുന്നു. ദവുൽ അർഹാമിന് ഇസ്‌ലാമിന്റെ പേരിലുള്ള വലായത്തിനു പുറമെ കുടുംബബന്ധം -قرابة- എന്ന വലായത്തുകൂടിയുണ്ട്. അതിനാൽ ഇസ്‌ലാമിന്റെ പേരിൽ മാത്രമുള്ള വലായത്തിനെക്കാൾ മുൻഗണനാർഹമാണ് ഇസ്‌ലാമിന്റെ പേരിലും കുടുംബബന്ധത്തിന്റെ പേരിലും ഉള്ള ഇരട്ട വലായത്ത്. നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദും ദാറഖുത്നിയും ഉദ്ധരിക്കുന്നു: ‘ഒരുവൻ ബാധ്യതകൾ അവശേഷിപ്പിച്ചാൽ ഞാൻ അതിനുത്തരവാദിയാകുന്നു. ധനം അവശേഷിപ്പിച്ചാൽ അത് അയാളുടെ അനന്തരാവകാശികൾക്കുള്ളതാണ്. അനന്തരാവകാശിയില്ലാത്തവന്റെ അനന്തരാവകാശി ഞാനാണ്. ഞാൻ അയാൾക്കുവേണ്ടി പിഴപ്പണം കൊടുക്കും. ദായധനം എടുക്കുകയും ചെയ്യും. അനന്തരാവകാശികളില്ലാത്തവന് അമ്മാവൻ അന്തരാവകാശിയാകുന്നു. അയാൾ പരേതന്റെ പിഴപ്പണം കൊടുക്കുകയും ദായധനമെടുക്കുകയും ചെയ്യും.’ ഇതനുസരിച്ച് മരിച്ചയാൾക്ക് വിഹിതം നിശ്ചയിക്കപ്പെട്ടവരോ, നിശ്ചിത വിഹിതം കഴിച്ച് മിച്ചമുള്ളത് സ്വന്തമാക്കുന്നവരോ ആയ ഉറ്റബന്ധുക്കളില്ലെങ്കിൽ അനന്തരസ്വത്ത് അയാളുടെ അകന്ന ബന്ധുക്കൾക്ക് (ദവുൽ അർഹാമിന്) ലഭിക്കുന്നതാണ്.

വിഹിതം നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തവർക്ക് അനന്തരാവകാശമില്ല എന്നാണ് മാലികീ, ശാഫിഈ മദ്ഹബുകളുടെ നിലപാട്. കാരണം, അനന്തരാവകാശികളാരൊക്കെയാണെന്നും അവരുടെ വിഹിതമെത്രയാണെന്നും അല്ലാഹു അനന്തരാവകാശ സൂക്തങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അതിലില്ലാത്തവരൊന്നും അനന്തരാവകാശികളല്ല. അതിൽ പറഞ്ഞ അനന്തരാവകാശികൾ ഇല്ലാത്തവരുടെ സ്വത്ത് ബൈത്തുൽമാലിൽ (ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഖജനാവ്) മുതൽ കൂട്ടേണ്ടതാണ്.

إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌۢ -അല്ലാഹു എല്ലാ സംഗതിയും അറിയുന്നു- എന്ന വാക്യത്തിന്റെ താൽപര്യമിതാണ്; അല്ലാഹു എല്ലാ കാര്യങ്ങളും തികഞ്ഞ ജ്ഞാനത്തോടെ ആസൂത്രണം ചെയ്തിരിക്കുന്നു. ഓരോ സംഗതിക്കും അതിന്റേതായ സമയവും സ്ഥലവും നിശ്ചയിച്ചിട്ടുണ്ട്. ആദർശ സാഹോദര്യവും സംരക്ഷണോത്തരവാദിത്വവും അതിന്റെ പരിധിയിൽ നിൽക്കണം. കുടുംബബന്ധവും അതിന്റെ ഉത്തരവാദിത്വവും അവയുടെ സ്ഥാനത്തും. ഓരോന്നിനെയും അല്ലാഹു നിശ്ചയിച്ച പരിധി പാലിച്ചുകൊണ്ടാണ് സമീപിക്കേണ്ടത്.

72-ാം സൂക്തം മുതലുള്ള ഉപസംഹാര സൂക്തങ്ങൾ ആഴത്തിൽ പരിശോധിച്ചാൽ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആഭ്യന്തരവും വൈദേശികവുമായ കാര്യങ്ങളിലുള്ള ചില അടിസ്ഥാന തത്ത്വങ്ങൾ തെളിഞ്ഞു വരുന്നതുകാണാം. ചില പണ്ഡിതന്മാർ അവയെ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

1) മുഹാജിറുകളും അൻസ്വാറുകളും പരസ്പരം ഉറ്റവരും ഉടയവരുമാകുന്നു. അവർക്കിടയിൽ സുദൃഢമായ വിശ്വാസത്തിന്റെയും ഹിജ്റയുടെയും ബന്ധവും അതിൽനിന്ന് ഉരുത്തിരിഞ്ഞ സഹായത്തിന്റെയും സംരക്ഷണത്തിന്റെയും അവകാശ

ബാധ്യതകളുമുണ്ട്. ഇതോടെ പഴയ ഗോത്രവർഗീയതകളും പക്ഷപാതിത്വങ്ങളും അവസാനിച്ചിരിക്കുന്നു. മുസ്‌ലിം സമൂഹത്തിൽ സംരക്ഷണത്തിന്റെയും സഹായത്തിന്റെയും അടിസ്ഥാനസ്തംഭം ഇസ്‌ലാമിക സാഹോദര്യമായിരിക്കും.

2) വിശ്വാസികളായി കഴിഞ്ഞിട്ടും ഇസ്‌ലാം വിരുദ്ധ സമൂഹത്തിൽനിന്ന് ഇസ്‌ലാമിക സമൂഹത്തിലേക്ക് ഹിജ്റ ചെയ്യാത്തവരെ സംരക്ഷിക്കാൻ ഇസ്‌ലാമിക സമൂഹത്തിനു ബാധ്യതയില്ല.

3) അത്തരം വിശ്വാസികൾ അവരുടെ സമൂഹത്തിൽ അനുഭവിക്കുന്ന മർദനങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് ഇസ്‌ലാമിക സമൂഹത്തോട് സഹായം തേടുന്നുവെങ്കിൽ, ആ രാജ്യവുമായുള്ള ഉഭയകക്ഷി ഉടമ്പടികൾക്ക് എതിരാകാത്ത നിലയിൽ അവരെ സഹായിക്കാൻ ഇസ്‌ലാമിക സമൂഹം ബാധ്യസ്ഥമാകുന്നു.

4) കുഫ്റിന്റെ ശക്തികൾക്കെതിരെ ഏതെങ്കിലും കേന്ദ്രത്തിൽ സംഘടിച്ച് വ്യവസ്ഥാപിതമായ ഒരു മാതൃകാ ഇസ്‌ലാമിക സമൂഹം കെട്ടിപ്പടുക്കേണ്ട ഘട്ടത്തിൽ എല്ലാ വിശ്വാസികളും നിർബന്ധമായി ആ കേന്ദ്രത്തിലേക്ക് ഹിജ്റ ചെയ്യേണ്ടതാണ്.

5) വിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കണം എന്നനുശാസിക്കപ്പെട്ട സാഹോദര്യബന്ധം, ഖുർആൻ വിശദീകരിച്ചിട്ടുള്ള കുടുംബ വ്യവസ്ഥയെയും അവകാശ ബാധ്യതകളെയും ദുർബലപ്പെടുത്തുന്നതല്ല. ദായധനാവകാശം പോലുള്ള കാര്യങ്ങളിൽ കുടുംബബന്ധുക്കൾക്ക് മുൻഗണനയുണ്ട്. ■